بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# ജുമുഅ: ഖുതുബ സംഗ്രഹം 28.04.2023

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ പ്രയാസങ്ങളിലും ബുദ്ധിമുട്ടുകളിലും സഹനം അവലംബിക്കാനുള്ള ഉദ്ബോധനം

**"ഓരോ അഹ്മദിയും സ്വന്തം ഉത്തരവാദിത്വം മനസ്സിലാക്കുകയാണെങ്കിൽ നമ്മുടെ സമീപനങ്ങളും പ്രാർഥനകളും കൊണ്ട് ഒരുപാട് പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്."**

***സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) 28.04.2023ന് യു.കെയിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്***

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطَانِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ۔ الرَّحۡمٰنِ الرَّحِيۡمِ۔ مٰلِكِ يَوۡمِ الدِّيۡنِ۔ اِيَّاكَ نَعۡبُدُ
وَاِيَّاكَ نَسۡتَعِيۡنُ۔ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ۔ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ۬
غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ۔

പാക്കിസ്താനിലും മറ്റു രാജ്യങ്ങളിലും ജമാഅത്ത് പ്രയാസങ്ങൾ അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ അഹ്മദികൾ സഹനം കൈക്കൊള്ളുന്നതിനുപകരം പ്രതിക്രിയാനടപടികൾ അവലംബിക്കുകയാണ് വേണ്ടതെന്ന് ശക്തമായ തെളിവുകളോടെ ചിലർ എനിക്ക് എഴുതാറുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദിനെ(റ) ഉദാഹരിച്ചുകൊണ്ട് ചില സന്ദർഭങ്ങളിൽ അദ്ദേഹം അതിന് അനുവാദം നല്കി എന്നും അവർ പറയുന്നു. അദ്ദേഹവുമായി ബന്ധപ്പെടുത്തി പറഞ്ഞിട്ടുള്ള ഈ സംഗതികൾ തികച്ചും തെറ്റാണ്. നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടുള്ള ചില കാര്യങ്ങൾ അദ്ദേഹം പറഞ്ഞു എന്നല്ലാതെ, യാതൊരു വീണ്ടുവിചാരവുമില്ലാതെ കലാപകാരികളെപ്പോലെ പ്രതിഷേധജാഥ നടത്താനുള്ള അനുവാദം നല്കിയിരുന്നില്ല. ഇനി ഏതെങ്കിലും സാഹചര്യത്തിൽ എവിടെയെങ്കിലും വല്ല പ്രതിഷേധവും ഉണ്ടായിട്ടുണ്ടെങ്കിൽ അതു കാലത്തിന്റെ ഖലീഫയുടെ അനുവാദത്തോടെയായിരുന്നു. എല്ലാ ഉദ്യോഗസ്ഥരും ആളുകളെ ഒരുമിച്ചുകൂട്ടി പ്രതിഷേധം ആരംഭിച്ചുകൊള്ളാൻ അനുവദിച്ചിരുന്നില്ല.

ഇന്ത്യാവിഭജനത്തിനുമുൻപ്,ബ്രിട്ടീഷ്ഭരണകാലത്ത്, ഹദ്റത്ത് മുസ്‌ലിഹ് മൗഊദി(റ)ന്റെ പ്രഭാഷണങ്ങൾ പ്രകോപനമുണ്ടാക്കുന്നവയാണെന്ന് പറഞ്ഞ് അദ്ദേഹത്തിന്റെ മേൽ കൈവയ്ക്കാൻ നമ്മുടെ എതിരാളികളായ ഉദ്യോഗസ്ഥർ ശ്രമിക്കുകയുണ്ടായി. എന്നാൽ ഓരോ തവണയും അവർ പരാജയപ്പെടുകയായിരുന്നു. കാരണം, സഹനവും നിയമപാലനവുമാണ് പ്രവാചകപ്രസ്ഥാനങ്ങളുടെ ദൗത്യമെന്ന് അദ്ദേഹം ജമാഅത്തിനെ ഉപദേശിച്ചു കൊണ്ടിരുന്നു. എതിരാളികളായ ഉദ്യോഗസ്ഥർ ഇത്തരം ശ്രമങ്ങൾ നടത്തിയപ്പോഴൊക്കെ അവരുടെ പദ്ധതികൾ പൊളിഞ്ഞുപോവുകയാണുണ്ടായത്. ഇസ്‌ലാമിനും ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ അധ്യാപനങ്ങൾക്കുമെതിരെ വല്ല കാര്യവും അദ്ദേഹം പറയുമോ?

സഹനവും പ്രാർഥനയും ഉപദേശിച്ചുകൊണ്ട് നിരവധി സ്ഥലങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളിയത് കാലുകൾക്ക് ശക്തി കുറഞ്ഞവരും മുള്ളുകൾ നിറഞ്ഞ മാർഗത്തിലൂടെ തന്നോടൊപ്പം നടക്കാൻ കഴിയാത്തവരും തീർച്ചയായും തന്നെ വിട്ട് പോയിക്കൊള്ളുക എന്നാണ്. ആകയാൽ, ഈ സഹനം തന്നെയാണ് ജമാത്തിനെ മറ്റുള്ളവരിൽനിന്ന് വ്യതിരിക്തമാക്കുന്നത്.

പല മാധ്യമപ്രവർത്തകർക്കും പലപ്പോഴും ഞാൻ മറുപടി നല്കുന്നത് ഇപ്രകാരമാണ്: ഞങ്ങളെ ദ്രോഹിക്കുകയും ഞങ്ങളോട് അന്യായം കാണിക്കുകയും ചെയ്യുന്നവരിൽനിന്നു തന്നെയാണ് അഹ്മദികളായിത്തീരുന്നത്. കൂടുതൽ ആളുകൾ അഹ്മദിയ്യത്ത് സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്. ഞങ്ങളുടെ സ്വഭാവപ്രകൃതിയും ഇവരെപ്പോലെത്തന്നെയായിരുന്നു. ഇതുപോലുള്ള പ്രക്ഷോഭങ്ങൾ ഞങ്ങൾക്കും നടത്താൻ സാധിക്കും. എന്നാൽ ഞങ്ങൾ കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചിരിക്കുന്നു. സമാധാനം നിലനിർത്തുകയും നിയമപരിധിയിൽ നിന്നുകൊണ്ട് സ്വന്തം അവകാശങ്ങൾ നേടാൻ ശ്രമിക്കുകയും ചെയ്യുക എന്നതാണ് സമാധാനം സ്ഥാപിക്കുന്നതിനും ദൈവികാനുഗ്രഹങ്ങൾക്ക് അവകാശിയാകുന്നതിനും വേണ്ടി അദ്ദേഹം നല്കിയ പാഠം. അതുകൊണ്ട് പ്രവാചകന്മാരുടെ ചരിത്രം ഇതാണെന്ന ബോധം ഉണ്ടായിരിക്കണം. നാം സഹനം അവലംബിച്ച് പ്രവർത്തിക്കണമെന്ന പാഠമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയിട്ടുള്ളത്.

ഈ മറുപടി കേൾക്കുമ്പോൾ ജനങ്ങൾ ആശ്ചര്യപ്പെ

ടുകയും സമാധനപൂർവം ജീവിക്കുന്നവരുടെ യഥാർഥ പ്രതികരണം ഇതായിരിക്കണമെന്ന് ശ്ലാഘിക്കുകയും ചെയ്യാറുണ്ട്.

സഹനത്തെപ്പറ്റി അത് അങ്ങേയറ്റം പ്രധാനപ്പെട്ട ഒരു സംഗതിയിട്ടാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിശേഷിപ്പിച്ചിരിക്കുന്നത്. പറയുന്നു:

''പ്രവാചകപ്രസ്ഥാനങ്ങളുടെ സുപ്രധാനവും പ്രഥമവുമായ ചുമതലയാണിത്. ഇതില്ലാതെ ഒരു പ്രസ്ഥാനത്തിനും പുരോഗതി പ്രാപിക്കാനോ തന്നെ പിന്തുടരാൻ ലോകത്തെ പ്രേരിപ്പിക്കാനോ കഴിയില്ല. ഈ ചുമതല നിർവഹിക്കാതെ വിജയം പ്രാപിച്ച ഒരു പ്രസ്ഥാനവും കഴിഞ്ഞു കടന്നിട്ടില്ല.''

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

''സഹനം രണ്ടുവിധത്തിലുണ്ട്. മനുഷ്യന് പ്രതിക്രിയ ചെയ്യാൻ ശക്തിയുണ്ടായിരിക്കെ അവലംബിക്കുന്ന സഹനമാണ് ഒന്ന്. രണ്ടാമത്തേത്, ശക്തിയോടെ നേരിടാൻ കഴിയാതെ വരുമ്പോൾ അവലംബിക്കുന്ന സഹനമാണ്. എന്നുവച്ചാൽ, നിർബന്ധിതാവസ്ഥയിലുള്ള സഹനം. ശക്തിയുണ്ടായിരിക്കെ അവലംബിക്കുന്ന സഹനം എന്നത് അന്യായം ചെയ്യുന്നവനോട് പ്രതികരിക്കാതെ അല്ലാഹുവിനുവേണ്ടി സഹനം പ്രകടിപ്പിക്കലാണ്. നിർബന്ധിതാവസ്ഥയിലുള്ള സഹനം എന്നത് പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ശക്തിയോടെ നേരിടാൻ കഴിയാതെ ദൈവപ്രീതിക്കായി സഹനം അവലംബിക്കലാണ്. അല്ലാഹു വിവിധ സ്ഥലങ്ങളിൽ സഹനം ഉപദേശിച്ചിട്ടുണ്ട്. ദൈവകല്പനയെ മുൻനിർത്തി വീക്ഷിക്കുമ്പോൾ സഹനത്തിന് മൂന്ന് അർഥങ്ങളാണ് ഉള്ളത്. ഒന്ന്,പാപങ്ങളിൽനിന്ന് വിട്ടുല്ക്കുകയും സ്വാത്മാവിനെ അവയിൽനിന്ന് തടഞ്ഞു വയ്ക്കുകയും ചെയ്യുക. രണ്ട്, സത്കർമങ്ങളിൽ സ്ഥിരചിത്തരായി നിലകൊള്ളുക. മൂന്ന്, പരിഭ്രാന്തിയിൽനിന്നും ഭീതിയിൽനിന്നു വിട്ടുനില്ക്കുക. ഒന്നാമത്തെ അർഥമനുസരിച്ച് തന്നെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നതും ഭാവിയിൽ തന്നെ ആകർഷിക്കാൻ സാധ്യതയുള്ളതുമായ തിന്മകളിൽനിന്ന് നൈരന്തര്യത്തോടും സ്ഥിരചിത്തതയോടും കൂടി വിട്ടു നില്ക്കുകയാണ് വേണ്ടത്. രണ്ടാമത്തെ അർഥമനുസരിച്ച്, മനുഷ്യൻ താൻ സ്വായത്തമാക്കിയ നന്മകളിൽ സ്ഥിരചിത്തതയോടെ നിലകൊള്ളുകയും താൻ ഇതിനകം സ്വായത്തമാക്കിയിട്ടില്ലാത്ത നന്മകൾ പ്രാപിക്കാൻ പ്രയത്നിക്കുകയും വേണം. മനുഷ്യന് ദൈവസാമീപ്യം പ്രദാനം ചെയ്യുന്ന സഹനമാണിത്. പ്രാർഥനകളിലൂടെ മാത്രമേ ഈ സാമീപ്യം ലഭ്യമാവുകയുള്ളൂ.

അല്ലാഹു പറയുന്നു:

وَاسْتَعِينُوا بِالصَّبْرِ وَالصَّلٰوةِ ۚ وَإِنَّهَا لَكَبِيرَةٌ إِلَّا عَلَى الْخٰشِعِينَ۔

അതായത് സഹനവും പ്രാർഥനയും മുഖേന അല്ലാഹുവിനോട് സഹായം തേടുക, തീർച്ചയായും വിനയം അവലംബിക്കുന്നവർക്കല്ലാതെ ഇക്കാര്യം ദുഷ്കരമത്രേ. അല്ലാഹുവിനെ ഭയപ്പെടുകയും വിനയം അവലംബിക്കുകയും ചെയ്യുന്നവർ മാത്രമേ ദൈവപ്രീതി കാംക്ഷിച്ചുകൊണ്ടുള്ള സഹനം പ്രകടിപ്പിക്കുകയുള്ളൂ.

തുടർന്ന് അരുളി:

وَالَّذِينَ صَبَرُوا ابْتِغَاءَ وَجْهِ رَبِّهِمْ وَأَقَامُوا الصَّلٰوةَ وَأَنْفَقُوا مِمَّا رَزَقْنٰهُمْ سِرًّا وَعَلَانِيَةً وَيَدْرَءُونَ بِالْحَسَنَةِ السَّيِّئَةَ أُولٰئِكَ لَهُمْ عُقْبَى الدَّارِ

അതായത്, തന്റെ നാഥന്റെ പ്രീതി തേടിക്കൊണ്ട് സ്ഥൈര്യം അവലംബിക്കുകയും നമസ്ക്കാരം ഭംഗിയായി നിർവഹിക്കുകയും നാം നല്കിയിട്ടുള്ളതിൽ നിന്ന് ഒളിഞ്ഞും തെളിഞ്ഞും നമ്മുടെ മാർഗത്തിൽ ചെലവഴിക്കുകയും തിന്മകളെ നന്മകൾ കൊണ്ട് അകറ്റിക്കളഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നവർക്കാണ് ആ പാരത്രിക ഭവനത്തിന്റെ ഏറ്റവും നല്ല പര്യവസാനം.''

ആകയാൽ, സ്ഥിരചിത്തതയോടും വിനയത്തോടും പ്രാർഥനയോടും കൂടി ദൈവപ്രീതി കാംക്ഷിക്കുന്നതിന്റെ പേരാണ് സഹനം. നാം സ്വന്തം അവസ്ഥകളെ ദൈവികപാഠങ്ങൾക്കനുസൃതമാക്കി തീർക്കുകയും അതനുസരിച്ച് ജീവിക്കുകയും ദൈവപ്രീതി കരസ്ഥമാക്കുക നമ്മുടെ ലക്ഷ്യമായി തീരുകയും ചെയ്യുമ്പോഴാണ് ഇതു സാധ്യമാകുന്നത്. നാം പ്രതിക്രിയ ചെയ്യുന്നതോടെ കൂടുതൽ കാഠിന്യം കാണിക്കാനും നമ്മുടെ വ്യവസ്ഥിതിയിൽ നിയന്ത്രണം ഏർപ്പെടുത്താനുമായിരിക്കും ശത്രുക്കൾ ആഗ്രഹിക്കുക. ചില സർക്കാർ ഉദ്യോഗസ്ഥർ എതിരാളികളെ പിന്നിൽനിന്ന് സഹായിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം പ്രതിക്രിയകൾ സ്ഥിതി കൂടുതൽ മോശമാക്കുകയേയുള്ളൂ. പ്രയാസഘട്ടങ്ങളിൽ ജമാഅത്തിന് നഷ്ടമുണ്ടായെങ്കിലും സഹനത്തോടു കൂടി അവസ്ഥകൾ മെച്ചപ്പെടുത്താൻ ശ്രമിച്ചതിനാൽ പ്രയോജനം ഉണ്ടായതായ സംഭവങ്ങളും ജമാഅത്തിന്റെ ചരിത്രത്തിൽ രേഖപ്പെട്ടു കിടക്കുന്നുണ്ട്. ചില ഉദ്യോഗസ്ഥരെ അത് പോസിറ്റീവ് ആയ നിലയിൽ സ്വാധീനിക്കുകയും ചെയ്തു. ഇടിയും തല്ലും മുഖേന പ്രതികരിക്കുന്നതിലൂടെ അത് അനുഭാവികളിൽ മോശമായ സ്വാധീനമായിരിക്കും ഉളവാക്കുക. 'അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിൽ അണിചേരാൻ എന്തു പരിവർത്തനമാണ് അദ്ദേഹം സംജാതമാക്കിയത്?'എന്നു ചോദിക്കാൻ അവർക്ക് അവകാശമുണ്ടായിരിക്കും. അതുകൊണ്ട്, ജമാഅത്തിന്റെ മഹത്തായ താത്പര്യങ്ങൾക്കുവേണ്ടി പ്രയാസങ്ങൾ സഹിക്കേണ്ടവരാണ് നാം എന്ന കാര്യം ഓർമവയ്ക്കേണ്ടതാണ്. മറ്റുള്ളവരിൽനിന്ന് ഏൽക്കുന്ന കാഠിന്യങ്ങൾ സഹനത്തോടെ സ്വീകരിക്കുകയും സംയമനം കൈക്കൊള്ളുകയും ചെയ്യുക എന്ന പാഠമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയിരിക്കുന്നത്.

നബിതിരുമേനി(സ)യുടെ കാലത്ത് നിരവധിയാളുകൾ തിരുമേനിയുടെയും സഹാബാക്കളുടെയും സഹനം ദർശിച്ചായിരുന്നു വിശ്വസിച്ചിരുന്നത്. ഈ ഉദാഹരണങ്ങൾ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ കാലഘട്ട

ത്തിലും കാണാൻ കഴിയും. അവിടുത്തെ സഹനവും സ്വഭാവമാതൃകയും ദർശിച്ചുകൊണ്ട് പലരും ജമാഅത്തിൽ ചേരുകയുണ്ടായി. ഇന്നും അതു തുടർന്നുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെയ്യുന്നു:

**''നബിതിരുമേനി(സ) നേരിട്ട പ്രയാസങ്ങൾ തന്നെയാണ് ജമാഅത്തും അഭിമുഖീകരിക്കുന്നത്. ദൈവത്തിലുള്ള വിശ്വാസം ബലപ്പെടുന്നതിനും പരിശുദ്ധ മാറ്റത്തിനുള്ള അവസരം ലഭിക്കുന്നതിനും ഇത്തരം പ്രയാസങ്ങൾ ആവശ്യമാണെന്ന കാര്യം ഓർത്തു കൊള്ളുക. ഞാൻ ഒരു കാര്യം കൂടി നിങ്ങളോടു പറയുകയാണ്. ജമാഅത്തിൽ പ്രവേശിച്ചു കഴിഞ്ഞ ഒരു വ്യക്തി ക്ഷമയും സഹനവും അവലംബിക്കുന്നില്ലെങ്കിൽ അയാൾ ഈ ജമാഅത്തിൽ പ്രവേശിച്ചിട്ടില്ലെന്ന് ഓർത്തു കൊള്ളട്ടെ. ഇക്കാര്യത്തിലും എനിക്ക് ദൈവിക സഹായം ലഭിക്കുന്നുണ്ട്. അതുകൊണ്ട് സ്വന്തം കാര്യങ്ങൾ ദൈവത്തെ ഏൽപ്പിക്കുക. അസഭ്യം കേട്ടാലും ആത്മസംയമനത്തോടു കൂടി പ്രവർത്തിക്കുക. ഞാൻ സഹനം അവലംബിക്കുന്ന സ്ഥിതിക്ക് നിങ്ങളും സഹനം അവലംബിക്കുകയാണ് വേണ്ടത്.''**

ഇന്ന് ലോകത്ത് എല്ലാ രാജ്യങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ സന്ദേശം എത്തിയിരിക്കുകയാണല്ലോ. ജമാഅത്ത് സ്ഥാപിതമാവുകയും ചെയ്തിരിക്കുന്നു. ഇത് ഏതെങ്കിലും പ്രതിക്രിയയോ ശക്തിപ്രകടനമോ മുഖേനയാണോ സംഭവിച്ചത്? അല്ല, ത്യാഗങ്ങളുടെയും സഹനത്തിന്റെയും പ്രാർഥനകളുടെയും ഫലമായിട്ടാണ് ഇതു സംഭവിച്ചത്. അതുകൊണ്ട് നാം സഹനം അവലംബിച്ചുകൊണ്ടിരിക്കുകയാണ് വേണ്ടത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെയ്യുന്നു:

**''ഹദ്റത്ത് മൂസാനബിയുടെ സമൂഹം അദ്ദേഹത്തെ ഉടനെ അംഗീകരിച്ചിരുന്നതിനാൽ അദ്ദേഹത്തിന് സമൂഹത്തിൽനിന്ന് പ്രയാസമൊന്നും നേരിട്ടിരുന്നില്ല. നബിതിരുമേനി(സ)ക്കാകട്ടെ സ്വന്തം സമൂഹത്തിൽനിന്നു തന്നെ എതിർപ്പും പ്രയാസങ്ങളും നേരിടേണ്ടി വന്നു. പ്രയാസങ്ങളുടെ ആ പരമ്പര പതിമൂന്ന് വർഷത്തോളം നീണ്ടുനിന്നപ്പോഴും സഹനവും സ്ഥിരചിത്തതയും കൈക്കൊള്ളണമെന്നാണ് ദൈവം നിർദേശിച്ചിരുന്നത്. 'മുൻകാല പ്രവാചകന്മാർ സഹനം അവലംബിച്ചതുപോലെ നീയും സഹനം അവലംബിക്കുക' എന്ന് നിരന്തരം കല്പന വന്നു കൊണ്ടിരുന്നു. അതുകൊണ്ടുതന്നെ നബിതിരുമേനി(സ) ഒരിക്കലും നിഷ്ക്രിയനാകാതെ ചുവടുകൾ എപ്പോഴും മുന്നോട്ടു വയ്ക്കുകയായിരുന്നു ചെയ്തിരുന്നത്.''**

തന്റെ ഗ്രാമത്തിലെ ഒരു മദ്രസയിൽ ജോലി ചെയ്യുന്ന കഠിന ശത്രുവായ ഒരു മൗലവി തന്നെ വളരെയേറെ ദ്രോഹിക്കുന്നുവെന്നും അയാൾക്ക് അവിടുന്ന് മാറ്റം ലഭിക്കാൻ അല്ലാഹുവിനോട് ദുആ ചെയ്യണമെന്നും ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ സമക്ഷം ഒരു അഹ്മദി വന്ന് അപേക്ഷിച്ചു. അവിടുന്ന് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു:

**''ഈ ജമാഅത്തിൽ പ്രവേശിച്ച സ്ഥിതിക്ക് അതിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുക. പ്രയാസങ്ങളനുഭവിക്കാതെ പ്രതിഫലം ലഭിക്കുന്നതെങ്ങനെ? നബിതിരുമേനി(സ) പതിമൂന്ന് വർഷം പീഡനങ്ങൾ അനുഭവിച്ചപ്പോഴും സഹനം കൈക്കൊള്ളാനാണ് അവിടുന്ന് സഹാബാക്കളെ പഠിപ്പിച്ചത്. ഈ പരിശുദ്ധ ജമാഅത്തിനെ ലോകത്ത് വ്യാപിപ്പിക്കാൻ അല്ലാഹു ഉദ്ദേശിച്ചിരിക്കുന്നു. അല്ലാഹു നിങ്ങൾക്ക് സഹനത്തിന്റെ പാഠം നല്കാൻ ആഗ്രഹിക്കുന്നു. കുറച്ചുകാലം കഴിയുന്നതോടെ ഇതൊന്നുമല്ലെന്ന് നിങ്ങൾ കാണുന്നതായിരിക്കും. ദ്രോഹം ചെയ്യുന്ന വ്യക്തി തൗബ ചെയ്യുകയോ നശിച്ചു പോവുകയോ ചെയ്യുന്നതാണ്. സഹനം അവലംബിക്കുന്നവർക്ക് അളവറ്റ പ്രതിഫലം ലഭിക്കുമെന്ന് അല്ലാഹു പറയുന്നു.''**

വീണ്ടും പറയുന്നു:

**''ലൗകികരായ ആളുകൾ ഭൗതികോപാധികളിൽ വിശ്വാസം അർപ്പിക്കുന്നു. അല്ലാഹു പക്ഷേ അതിന് നിർബന്ധിതനല്ല. അതുകൊണ്ട് സ്വകർമങ്ങളെ സംശുദ്ധമാക്കുകയും അശ്രദ്ധ കാണിക്കാതിരിക്കുകയും ചെയ്യുക. അശ്രദ്ധ കാണിക്കുന്നവൻ സാത്താന്റെ ഇരയായിത്തീരുന്നു. തൗബയെ എപ്പോഴും സജീവമാക്കി വയ്ക്കുക; അതിനെ പാഴാക്കിക്കളയരുത്. യഥാർഥ തൗബ ഗുണനിലവാരമുള്ള വിത്തുകൾ പോലെയാണ്. അവ കൃത്യസമയത്ത് ഫലം നല്കും. സഹനം അവലംബിക്കുന്നതിനു വേണ്ടിയാണ് നാം അല്ലാഹുവിൽനിന്ന് നിയോഗിതനായിരിക്കുന്നത്. നിങ്ങൾ ഇവർക്കു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു ഇവർക്കും സന്മാർഗം നല്കുമാറാകട്ടെ.''**

ആകയാൽ, അവിടുത്തെ കാലടികൾ പിന്തുടരുന്നതിലാണ് നമ്മുടെ വിജയം കുടികൊള്ളുന്നത്.

വീണ്ടും പറയുന്നു:

**''പാപപ്പൊറുതി തേടുക, പശ്ചാത്താപം, മതവിജ്ഞാനം കരസ്ഥമാക്കുക, ദൈവമഹത്വം മനസ്സിലാക്കുക, അഞ്ചുനേരം നമസ്കാരം അനുഷ്ഠിക്കുക എന്നിവയാണ് നമ്മുടെ വിജയത്തിനുള്ള ആയുധങ്ങൾ.''**

നമ്മുടെ വിജയത്തിന്റെയും പുരോഗതിയുടെയും അടിത്തറയായി വർത്തിക്കുന്ന ഉപദേശങ്ങളാണിവ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങളനുസരിച്ച് ശരിയായ നിലയിൽ ശ്രദ്ധ നല്കുന്നപക്ഷം

വിജയം നമ്മുടേതായിരിക്കും. നമ്മുടെ വിജയം വിധിക്കപ്പെട്ടു കഴിഞ്ഞതാണ്. ഓരോ അഹ്മദിയും സ്വന്തം ഉത്തരവാദിത്വം മനസ്സിലാക്കുകയാണെങ്കിൽ ഒരുപാട് പ്രശ്നങ്ങൾ നമ്മുടെ സമീപനങ്ങളും പ്രാർഥനകളും കൊണ്ട് പരിഹരിക്കാവുന്നതാണ്. അല്ലാഹു നമുക്ക് സഹനം കൈക്കൊള്ളാനും പ്രാർഥിക്കാനുമുള്ള തൗഫീഖ് നല്കുമാറാകട്ടെ. ദൈവപ്രീതി കരഗതമാകുന്നതിന് ഈ സംഗതികൾ പ്രാവർത്തികമാക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَنَسْتَعِیْنُہٗ وَنَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَمِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَالْاِحْسَانِ وَاِیْتَاءِ ذِی الْقُرْبٰی وَیَنْھٰی عَنِ الْفَحْشَاءِ وَالْمُنْکَرِ وَالْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

FRIDAY SERMON SUMMARY DELIVERED BY **HADRAT KHALIFATUL MASIH V(ATBA)**
AT MASJID MUBARAK UK ON 28.04.2023

MALAYALAM TRANSLATION,TYPING& LAYOUT:**BM ARIF MOHAMMED SHAHID** FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT, SADR ANJUMAN AHMADIYYA QADIAN 143516